ബ്രാഞ്ച്	നിയമനം നടത്തിയത്
2003-2004	
സിവിൽ	4
മെക്കാനിക്കൽ	5
ഇലക്ട്രോണിക്സ്	3
കമ്പ്യൂട്ടർ സയൻസ്	2
ജിയോളജി	1
മാത്തമാറ്റിക്സ്	3
ആകെ	18

2004-2005-ൽ നിയമനം നടത്തിയിട്ടില്ല.

(ബി) & (സി) 2001-2002-ലെ എല്ലാ ബ്രാഞ്ചിലെ നിയമനങ്ങൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ അംഗീകാരം കമ്പ്യൂട്ടർ സയൻസിലെ ഒരാൾക്ക് ഒഴികെ മറ്റുള്ളവർക്ക് എല്ലാം ലഭിച്ചിട്ടുണ്ട്. 2002-2003-ൽ നിയമനം നടത്തിയിട്ടില്ല. 2003-2004-ൽ നിയമിച്ച 18 നിയമനങ്ങളിൽ 10 എണ്ണത്തിന് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തിന് അയച്ചിട്ടുണ്ട്. ഒരെണ്ണം യൂണിവേഴ്സിറ്റി അംഗീകരിച്ചു. 7 എണ്ണം അംഗീകാരത്തിനായി അവശേഷിക്കുന്നു.

(ഡി) സാങ്കേതിക തടസ്സങ്ങൾ ഉണ്ട്. യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തിനയച്ചത് അംഗീകരിച്ചു കിട്ടിയിട്ടില്ല.

(ഇ) നിയമനം ലഭിച്ച് നിയമനം യൂണിവേഴ്സിറ്റിയും സർക്കാരും അംഗീകരിച്ച എല്ലാവർക്കും ശമ്പളം ലഭിക്കുന്നുണ്ട്.

(എഫ്) എല്ലാവിധ സാങ്കേതിക തടസ്സങ്ങളും ഒഴിവാക്കാൻ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഐ. എച്ച്. ആർ. ഡി., എൽ. ബി. എസ്. എന്നീ സർക്കാർ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മറ്റ് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കൊപ്പം പരിഗണിക്കുന്നതിന് നടപടി

103 [686] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്വാശ്രയ സ്ഥാപനങ്ങളായ ഐ. എച്ച്. ആർ. ഡി.യും എൽ. ബി. എസും നടത്തിവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മറ്റു സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും തുല്യമായി പരിഗണിക്കാമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ജി.ഒ. (എം എസ്.) 91/94/8-6-1994 പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ കോളേജുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ എൽ.ബി.എസും ഐ. എച്ച്. ആർ.ഡി.യും, നടത്തിവരുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽക്കൂടി നടപ്പിലാക്കുവാൻ എന്ത് നടപടികളാണ് ഇതിനകം സ്വീകരിച്ചതെന്നും ഭാവിയിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ. എച്ച്. ആർ.ഡി.യുടെ കീഴിൽ ചെങ്ങന്നൂരിൽ സ്ഥാപിച്ച എഞ്ചിനീയറിംഗ് കോളേജിനെയും എൽ. ബി. എസിന്റെ കീഴിൽ കാസർഗോഡ് സ്ഥാപിച്ച എഞ്ചിനീയറിംഗ് കോളേജിനെയും സർക്കാർ സ്ഥാപനങ്ങളായി കണക്കാക്കുമെന്നും ആവശ്യം വരികയാണെങ്കിൽ, ഭാവിയിൽ, ടി കോളേജുകൾക്ക് സാമ്പത്തികസഹായം നൽകാമെന്നുമാണ് 8-6-1994-ലെ ജി.ഒ. (എം എസ്.) 91/94/ ഹയർ എഡ്യൂക്കേഷൻ പ്രകാരം ഉത്തരവായിട്ടുള്ളത്. എന്നാൽ ടി രണ്ടു സ്ഥാപനങ്ങൾക്കും കൂടുതൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ചതിനാലും, സർക്കാരിന്റെ സാമ്പത്തികവൈഷമ്യംമൂലവും വാഗ്ദാനം പൂർണ്ണമായി നിറവേറ്റാൻ കഴിഞ്ഞിട്ടില്ല.

(ബി) എൽ. ബി. എസ്.ന്റെ കീഴിലുള്ള രണ്ട് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് എ. ഐ. സി. റ്റി. ഇ. നിഷ്കർഷിച്ച് ശമ്പള സ്കെയിലും അദ്ധ്യാപകേതര ജീവനക്കാർക്ക് സംസ്ഥാന സർക്കാരിന്റെ നിരക്കിലുള്ള ശമ്പളസ്കെയിലും നൽകിവരുന്നു. എന്നാൽ സർക്കാർ ജീവനക്കാർക്ക് നൽകുന്നതിൽനിന്നും കുറഞ്ഞ നിരക്കിലാണ് എൽ. ബി. എസ്.ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ജീവനക്കാർക്ക് ഡി. എ. നൽകിവരുന്നത്. ടി സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ചു മാത്രമേ ജീവനക്കാർക്ക് സംസ്ഥാന നിരക്കിലെ ആനുകൂല്യം നൽകാൻ കഴിയുകയുള്ളൂ.

ഐ. എച്ച്. ആർ. ഡി.യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവനക്കാർക്ക് സംസ്ഥാന സർക്കാരിന്റെ ശമ്പളപരിഷ്കരണ ഉത്തരവുകൾ അനുസരിച്ചുള്ള ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാർക്ക് എ. ഐ. സി. റ്റി. ഇ. ഉത്തരവുകൾപ്രകാരമുള്ള ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്. ആർട്സ്, സയൻസ് എന്നീ വിഭാഗങ്ങളിൽ, ഐ. എച്ച്. ആർ. ഡി. കോളേജുകളിലുള്ള അദ്ധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർക്കാർ അംഗീകരിച്ചു നടപ്പാക്കിയിട്ടുള്ള യു. ജി. സി. ഉത്തരവുകൾ അനുസരിച്ചുള്ള ശമ്പള സ്കെയിലും മറ്റ് വ്യവസ്ഥകളും നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഐ. എച്ച്. ആർ. ഡി.യുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളും അപ്ലൈഡ് സയൻസ് കോളേജുകളും തികച്ചും സ്വാശ്രയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് നിലവിലുള്ള സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ യു. ജി. സി. സ്കെയിൽ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly